212088/2024

**പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ**
**മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം –തിരുവനന്തപുരം – സാങ്കേതികവിഭാഗം – പത്തനംതിട്ട ജില്ല – തിരുവല്ല നഗരസഭ തിരുവല്ല വില്ലേജ്- ഗ്യാസ് ഗോഡൗൺ നിർമ്മാണം -കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. ശ്രീ.അജിത്ത്.ടി.തോമസ്, തോപ്പിൽകളത്തിൽ, ബി.എഡ് കോളേജിന് സമീപം, തിരുവല്ല, പത്തനംതിട്ടയുടെ തീയതി രേഖപ്പെടുത്താത്ത അപേക്ഷ.
2. പത്തനംതിട്ട ജില്ലാ ടൗൺ പ്ലാനറുടെ 30/06/2023 ലെ TCPPTA/186/2023-C നമ്പർ കത്ത്.

================================================================

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. LSGD/PD/47246/2023-TCPA2 തീയതി:22-02-2024

================================================================

പത്തനംതിട്ട ജില്ലയിലെ തിരുവല്ല നഗരസഭയിൽ തിരുവല്ല വില്ലേജിൽ സർവ്വേ നമ്പർ 779/1-ൽ ഉൾപ്പെട്ട 1000 ച.മീ വിസ്തീർണ്ണമുള്ള സ്ഥലത്ത് 29.25 ച.മീ ഗോഡൗണും(29.25 ച.മീ ) ടോയ്ലറ്റും (6.38 ച.മീ) ഉൾപ്പെടെ ആകെ 35.63 ച.മീ വിസ്തീർണ്ണമുള്ള ഗ്യാസ് ഗോഡൗൺ നിർമ്മിക്കുന്നതിന് കൺകറൻസ് അംഗീകാരത്തിനായി സൂചന (1) പ്രകാരം ലഭ്യമായ ശ്രീ.അജിത്ത്.ടി.തോമസ്, തോപ്പിൽകളത്തിൽ, ബി.എഡ് കോളേജിന് സമീപം, തിരുവല്ല, പത്തനംതിട്ടയുടെ അപേക്ഷയിന്മേൽ ടി നിർമ്മാണ സ്ഥലം ജില്ലാ ടൗൺപ്ലാനർ പരിശോധിച്ച് ലഭ്യമാക്കിയ മേൽ സൂചന (2) പ്രകാരമുള്ള റിപ്പോർട്ടിന്റെയും ശുപാർശകളുടെയും അടിസ്ഥാനത്തിലും, പ്രസ്തുത നിർമ്മാണത്തിന് കെ.എം.ബി.ആർ 2019 നും ചുവടെ വിവരിക്കുന്ന നിബന്ധനകൾക്കും വിധേയമായി തിരുവല്ല നഗരസഭയുടെ അംഗീകൃത മാസ്റ്റർ പ്ലാൻ പ്രകാരമുള്ള കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1) അപേക്ഷകന്റെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, നിർമ്മാണാവകാശം, സർവ്വേ നമ്പറുകൾ, അളവുകൾ, വിസ്തീർണ്ണം എന്നിവ സംബന്ധിച്ചു ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ ഈ ഓഫീസിൽ പരിശോധനാ വിധേയമാക്കിയിട്ടില്ല. ആയതിനാൽ KMBR 2019 ചട്ടം 9(2) പ്രകാരം ആയത് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.

2) മാസ്റ്റർ പ്ലാൻ വ്യവസ്ഥകൾക്ക് അനുസൃതമായുള്ള കൺകറൻസ് മാത്രമാണ് ഈ ഓഫീസിൽ നിന്നും നൽകുന്നത്. യൂസേജ് ഓഫ് പ്ലോട്ട് / ലേ-ഔട്ട് അംഗീകാരം, കെട്ടിട നിർമ്മാണാനുമതി എന്നിവ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ

നിന്നും നിയമാനുസൃതം വാങ്ങേണ്ടതാണ്.

3)KMBR 2019 ചട്ടം 5(4) പ്രകാരം ആവശ്യമായ എല്ലാ വകുപ്പുകളുടെയും നിരാക്ഷേപപത്രം ലഭ്യമാക്കിയിരിക്കണം.

4) 2008 ലെ കേരളാ നെൽവയൽ / നീർത്തട സംരക്ഷണ നിയമം/ 2018 കേരളാ നെൽവയൽ / നീർത്തട സംരക്ഷണ(ഭേദഗതി) എന്നീ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല എന്ന് നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.

5)കെഎംബിആർ 2019 ചട്ടം 5(4) പ്രകാരമുള്ള സൈറ്റ് പ്ലാൻ സമർപ്പിച്ച ശേഷം ആയതിൽ മാത്രമേ ജില്ലാ ടൗൺ പ്ലാനർ ലേഔട്ട് അംഗീകാരം നൽകാൻ പാടുള്ളൂ.

6) മാലിന്യ നിർമ്മാർജ്ജന സൗകര്യങ്ങൾ, ഡ്രെയിനേജ് സൗകര്യങ്ങൾ എന്നിവ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും പശ്ചാത്തല സൗകര്യങ്ങളുടെ ലഭ്യത പരിഗണിച്ചാൽ പ്ലോട്ടിൽ വീഴുന്ന മഴവെള്ളം സമീപ റോഡിലേക്ക് നേരിട്ട് വീഴാത്ത രീതിയിൽ ഡ്രെയിനേജ് സംവിധാനം സജ്ജീകരിക്കണം എന്ന നിബന്ധനയിൽ കൺകറൻസിനായി പരിഗണിക്കാവുന്നതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് ജില്ലാ തദ്ദേശ സ്വയംഭരണ പ്ലാനിംഗ് കാര്യാലയം/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

ഫമിദാ യൂസഫ്.എം
ടൗൺ പ്ലാനർ
(ചീഫ് ടൗൺപ്ലാനർക്കുവേണ്ടി)

ജില്ലാ ടൗൺപ്ലാനർ, പത്തനംതിട്ട

പകർപ്പ്:-

1. ശ്രീ.അജിത്ത്.ടി.തോമസ്, തോപ്പിൽകളത്തിൽ, ബി.എഡ് കോളേജിന് സമീപം തിരുവല്ല, പത്തനംതിട്ട .
2. സെക്രട്ടറി, തിരുവല്ല നഗരസഭ, പത്തനംതിട്ട
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം